# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2580 06.12.2018-ൽ മറുപടിക്ക്**

**പാമ്പാക്കുട ഇലക്ട്രിക് സെക്ഷൻ പരിധിയിലെ വൈദ്യുതി മുടക്കം**

| | ചോദ്യം<br>ശ്രീ. അനൂപ് ജേക്കബ് | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പിറവം നിയോജക മണ്ഡല ത്തിലെ ഊരമന 11 കെ വി ലൈനിൽ അടിക്കടി ഉണ്ടാകുന്ന സാങ്കേതിക തകരാറുകൾ മൂലം പാമ്പാക്കുട ഇലക്ട്രിക് സെക്ഷൻ പരിധിയിൽ ദിനം പ്രതി വൈദ്യുതി മുടക്കം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പിറവം നിയോജക മണ്ഡലത്തിലെ പാമ്പാക്കുട സെക്ഷൻ ഓഫീസിന്റെ പരിധിയിൽ കഴിഞ്ഞ ആഗസ്റ്റ്മാസത്തെ പ്രളയവും അതിനുശേഷം വന്ന ഗജ ചുഴലിക്കാറ്റും മൂലം നിരവധി തവണ വൈദ്യുതി തടസ്സങ്ങൾ ഉണ്ടായിട്ടുണ്ട്. പാമ്പാക്കുട, ഊരമന, രാമമംഗലം എന്നീ ഭാഗങ്ങൾ ഫീഡ് ചെയ്യുന്ന പിറവം സബ് സ്റ്റേഷനിൽ നിന്നുള്ള ഊരമന 11 കെ.വി ഫീഡർ ഭാഗികമായി ഇപ്പോൾ തകരാറിലാണ്. പുത്തൻകുരിശ് സബ് സ്റ്റേഷനിൽ നിന്നുള്ള കിങ്ങിണിമറ്റം 11 കെ വി ഫീഡറാണ് ഈ മേഖലയിൽ ഇപ്പോൾ ഫീഡ് ചെയ്യുന്നത്. മൂന്നു സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ കൂടി വരുന്ന ഈ ഫീഡറിൽ അതാതു മേഖലയിൽ ഉണ്ടാകുന്ന എല്ലാ തകരാറുകളും ബാധിക്കാറുണ്ട്. ഈ താൽക്കാലിക സംവിധാനം മൂലമാണ് സാധാരണയിൽ കവിഞ്ഞ വൈദ്യുതി തടസ്സങ്ങൾ ഈ പ്രദേശത്തു അനുഭവപ്പെടുന്നത്. |
| (ബി) | ഉണ്ടെങ്കിൽ ആയിരക്കണക്കിന് ഉപഭോക്താക്കളെ ബുദ്ധിമുട്ടിലാക്കുന്ന പ്രസ്തുത സെക്ഷനിലെ നിരന്തര വൈദ്യുതി മുടക്കം പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരി ക്കുമോ? | (ബി) | ഇതിനു പരിഹാരമായി ഇപ്പോൾ ഊരമന ഭാഗത്തു നാശം സംഭവിച്ച വൈദ്യുതി ലൈനുകൾക്കു പകരമായി പുതുതായി പുനർനിർമ്മിച്ച 1.4 കി .മി 11 കെ വി ലൈൻ അടുത്തു തന്നെ ചാർജ് ചെയ്യുന്നതാണ്. കൂടാതെ സമീപത്തുള്ള സബ് സ്റ്റേഷനുകളിൽ നിന്നും കെ.വി ഫീഡറുകൾ ഇന്റർലിങ്ക് ചെയ്ത് ഈ പ്രദേശത്തെ വൈദ്യുതി വിതരണശൃംഖല മെച്ചപ്പെടുത്താനുള്ള പ്രവൃത്തികളും നടന്നു വരുന്നു. ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടു കൂടി ഈ പ്രദേശത്തെ വൈദ്യുതിവിതരണ സംവിധാനം മെച്ചപ്പെടുന്ന താണ്. |

(signature)

സെക്ഷൻ ഓഫീസർ